# ദൈവസന്നിധിയിൽ

നാം പതിവായി ദൈവാലയത്തിൽ
പോകുന്നത് എന്തിന്? ദൈവസന്നിധിയിൽ
നിൽക്കുമ്പോൾ എന്താണ് നമുക്ക്
ദൈവത്തോട് പറയാനുള്ളത്?

ജോൺ ഡി. കുന്നത്ത്

Gregorian Study Circle
Kottayam

## ജോൺ ഡി. കുന്നത്ത്

സ്വദേശം: മുഖത്തല, കൊല്ലം.. പഠനവിഷയങ്ങൾ: ഭാഷ, സാഹിത്യം, അദ്ധ്യാപനം, ക്രൈസ്തവ ദർശനം. ജീവിതവൃത്തി : ആഫ്രിക്കയിലും അമേരിക്കയിലും 28 വർഷക്കാലം അദ്ധ്യാപകൻ.. കോട്ടയത്ത് വിശ്രമജീവിതം.. ഭാര്യ: ലിസി

## ഗ്രന്ഥകർത്താവിന്റെ മറ്റ് കൃതികൾ:

1. സ്വർഗ്ഗീയമാലാഖമാർ സ്തുതിക്കുന്നതുപോലെ::
2. വേദപാരാവാരത്തിൻ തീരത്ത്
3. An Orientation to our Life
4. Gregorian Vision

Contact: johnkunnathu@gmail.com

© 2016 John D. Kunnathu

വില രൂപ: 10

# മുഖവുര

യേശുതമ്പുരാന്റെ കാലത്ത് പ്രാർഥന എന്ന പേരിൽ മിക്കവരും ചെയ്തിരുന്നത് വെറും ജൽപനമായിരുന്നു എന്ന് അവിടുന്ന് തിരിച്ചറിഞ്ഞു. അതുകൊണ്ടാണ് ജൽപനം ചെയ്യരുത് എന്ന് അവിടുന്ന് പഠിപ്പിച്ചത്. ഹൃദയത്തിൽ നിന്നല്ലാതെ ചുണ്ടുകളിൽ നിന്ന് മാത്രം ഉയരുന്ന പ്രാർഥനകൾ ജൽപനങ്ങളാകുന്നു. ഇന്നും പ്രാർഥന എന്ന പേരിൽ നാം ചെയ്യുന്നത് വെറും ജൽപനമാണ് എന്ന തിരിച്ചറിവിൽ നിന്നാണ് ഈ ചെറുപുസ്തകം ജന്മമെടുക്കുന്നത്. പ്രാർഥനയുടെ ഉള്ളടക്കം എന്തായിരിക്കണമെന്ന് വളരെ ലളിതമായ ഭാഷയിൽ ഇവിടെ വിവരിച്ചിരിക്കുന്നു. എല്ലാവർക്കും വായിച്ചു മനസിലാക്കുവാൻ സാധിക്കത്തക്ക വിധമാണ് ഇതിന്റെ രചന. അർഥവത്തായി ആരാധിക്കുവാൻ നമുക്കെല്ലാം സംഗതിയാകട്ടെ എന്ന ആത്മാർഥമായ പ്രാർഥനയോടെ ദൈവമഹത്വത്തിനായും മനുഷ്യനന്മക്കായും ഈ ചെറുഗ്രന്ഥം സമർപ്പിക്കുന്നു!

*ജോൺ ഡി. കുന്നത്ത്*

## ഉള്ളടക്കം

മുഖവുര ....................................................3

1. കർത്താവേ കരുണ ചെയ്യണമേ! ..................5

2. ദൈവം പരിശുദ്ധൻ! ..............................11

3. ലോകം ദൈവാലയം ...............................15

4. ദൈവത്തിന് മഹത്വം ................................19

5. നമ്മെത്തന്നെ ബലിയർപ്പിക്കാം....................22

6. ഇടവിടാതെ പ്രാർഥിപ്പിൻ ...........................25

ഉപസംഹാരം ...............................................29

നമുക്ക് പ്രാർഥിക്കാം .......................................31

# 1. കർത്താവേ കരുണ ചെയ്യണമേ!

യേശുവിനും മുമ്പ് ജീവിച്ചിരുന്ന ഹില്ലേൽ റാബിയെക്കുറിച്ച് ഒരു കഥയുണ്ട്. ഒരു ചെറു പ്പക്കാരൻ അദ്ദേഹത്തോട് ഒരു കുസൃതിച്ചോദ്യം ചോദിച്ചു: *റാബീ, ന്യായപ്രമാണം മുഴുവൻ അങ്ങേയ്ക്ക് ഒരുകാലിന്റെ പെരുവിരലിൽ നിന്നുകൊണ്ട് ചൊല്ലാമോ?* മുമ്പൊരിക്കൽ ഇതേ ചോദ്യത്തിന് മറ്റൊരു റാബി ചൂലെടുത്ത് അടി ച്ചോടിച്ചതാണ് അവനെ. എന്നാൽ പുഞ്ചിരിച്ചു കൊണ്ട് അദ്ദേഹം മറുപടി നൽകി: *മറ്റുള്ളവർ നിങ്ങൾക്ക് ചെയ്യണം എന്നു നിങ്ങൾ ആഗ്രഹി ക്കുന്നത് നിങ്ങൾ അവർക്കും ചെയ്യുക. അതിൽ ന്യായപ്രമാണം മുഴുവൻ അടങ്ങിയിരിക്കുന്നു.*

ഇതുപോലെ ഒരു കുസൃതിച്ചോദ്യം നമ്മുടെ ആരാധനയെപ്പറ്റി ഒരാൾ ചോദിക്കുന്നു എന്നു സങ്കൽപ്പിക്കുക. *നമ്മുടെ ആരാധനാക്രമങ്ങളിലു ള്ള പ്രാർഥനകൾ മുഴുവൻ ഒരു കാലിന്റെ പെരുവിരലിൽ നിന്നുകൊണ്ട് ചൊല്ലാമോ?* ഈ ചോദ്യം എന്നോടാണെങ്കിൽ ഞാൻ ഇങ്ങനെ മറുപടി നൽകും: *കർത്താവേ ഞങ്ങളോടു കരുണ ചെയ്യണമേ. നമ്മുടെ ആരാധന മുഴുവൻ*

*ഇതിൽ അടങ്ങിയിരിക്കുന്നു.* ഗ്രീക്കിൽ കുറിയേ ലായിസോൻ. സുറിയാനിയിൽ മോറാൻ എസ്ര ഹാം അലൈൻ. ഇംഗ്ലീഷിൽ O Lord, have mercy!

എന്നോട് കരുണ ചെയ്യണമേ എന്ന് നമ്മുടെ സംഭാഷണത്തിൽ നാം പറയാറില്ല. അതിന് പക രം പറയാറുള്ളത് എന്നോട് ക്ഷമിക്കണമേ എന്നാണ്. എനിക്ക് മാപ്പ് നൽകണമേ എന്നും പറയും. ഇംഗ്ലീഷിൽ I am sorry എന്ന് പറയും. എന്നോട് കരുണ തോന്നി എന്നോട് ക്ഷമിക്ക ണമേ എന്നതിന്റെ ഒരു ചുരുക്കരൂപം എന്ന നിലയിലാണ് എന്നോട് കരുണ ചെയ്യണമേ എന്ന് നാം പ്രാർഥിക്കുന്നത്.

നമ്മുടെ ഏറ്റവും പ്രധാനപ്പെട്ട പ്രാർഥനയാ ണ് ഇത്. '*കർത്താവിനോടു നമുക്ക് പ്രാർഥി ക്കാം*' എന്ന് ആരാധനയ്ക്ക് നേതൃത്വം നൽകുന്ന വർ ആഹ്വാനം ചെയ്യുമ്പോൾ നാം പ്രാർഥിക്കു ന്നത് *കത്താവേ കരുണ ചെയ്യണമേ* എന്നാണ്. മനുഷ്യൻ ദൈവത്തെ അഭിമുഖീകരിക്കുന്ന മൂന്ന് വേദസന്ദർഭങ്ങൾ പരിശോധിച്ചുകൊണ്ട് ദൈവ ത്തോട് ക്ഷമ യാചിക്കുന്നതിന്റെ പ്രാധാന്യം മനസിലാക്കാൻ നമുക്ക് ശ്രമിക്കാം.

ഒരു പരീശനും ചുങ്കക്കാരനും പ്രാർഥിക്കു

ന്ന ദൃഷ്ടാന്തകഥ യേശുതമ്പുരാൻ പറഞ്ഞിട്ടുണ്ട് (ലൂക്കോസ് 18:9-18). പരീശൻ സ്വയം ചുങ്കക്കാര നോട് താരതമ്യപ്പെടുത്തി, താൻ നല്ലവനാണെന്ന് സമർഥിക്കുന്നു. ചുങ്കക്കാരനാകട്ടെ, പാപിയായ എന്നോടു കരുണ തോന്നണമേ എന്ന് മാത്രം പ്രാർഥിക്കുന്നു. ദൈവസന്നിധിയിലെത്തുവാൻ രണ്ടു വിധങ്ങൾ മാത്രമേയുള്ളൂ: ഒന്നുകിൽ പരീശനെപ്പോലെ ദൈവത്തെ കുറ്റപ്പെടുത്തിയും സ്വയം ന്യായീകരിച്ചും വരിക. അല്ലെങ്കിൽ ചുങ്കക്കാരനെപ്പോലെ ദൈവത്തെ ന്യായീകരിച്ചും സ്വയം കുറ്റപ്പെടുത്തിയും വരിക. ചുങ്കക്കാരന്റെ മാർഗമാണ് ശരിയായതെന്ന് യേശുതമ്പുരാൻ പഠിപ്പിച്ചു.

ധൂർത്തപുത്രൻ ഈ പ്രാർഥനയോടെയാണ് പിതാവിനെ സമീപിക്കുന്നത് (ലൂക്കോസ് 15: 11-32). തന്റെ പിതാവ് നല്ലവനും സ്നേഹസമ്പന്ന നുമാണ്, എന്നാൽ താനാകട്ടെ ഉത്തരവാദിത്വമി ല്ലാത്തവനും ധൂർത്തനുമാണ്. ഈ ബോധ്യം അവന് നല്ലവണ്ണമുണ്ട്. സുബോധം വന്നപ്പോഴാ ണ് അവൻ പിതാവിന്റെ അടുക്കലേക്ക് തിരികെ പോകുന്നതും ക്ഷമയ്ക്കായി യാചിക്കുന്നതും. എന്നാൽ അവന്റെ ജേഷ്ഠനാകട്ടെ സ്വയം ന്യായീ

കരിച്ചുകൊണ്ട് തന്റെ അനുജനെ നിശിതമായി കുറ്റപ്പെടുത്തുന്നു. അവനെ സ്വീകരിച്ചതിന്റെ പേരിൽ പിതാവിനെയും അയാൾ കുറ്റപ്പെടുത്തുന്നു. സ്വയം നീതിമാനായി അവതരിപ്പിക്കുന്ന അയാൾ കുറ്റം സമ്മതിക്കുകയോ ക്ഷമ യാചിക്കുകയോ ചെയ്യുന്നില്ല.

ഏദൻതോട്ടത്തിൽ വച്ച് ആദംഹവ്വമാർ ദൈവകൽപ്പന ലംഘിച്ചു (ഉൽപ്പത്തി 2-3). ദൈവം വിലക്കിയിരുന്ന കനി അവർ ഭക്ഷിച്ചു. ഒട്ടും വൈകാതെ അവർക്ക് കുറ്റം സമ്മതിച്ച് ക്ഷമ ചോദിക്കാമായിരുന്നു. I am sorry എന്ന് പറയാമായിരുന്നു. എന്നാൽ അവരിരുവരും ക്ഷമ ചോദിക്കുന്നില്ല. മറ്റാരെയെങ്കിലും കുറ്റപ്പെടുത്തി സ്വയം ന്യായീകരിക്കാനാണ് ഇരുവരും ശ്രമിക്കുന്നത്. ഹവ്വയെ തനിക്ക് തന്നതിന്റെ പേരിൽ ദൈവത്തെയും ആദം കുറ്റപ്പെടുത്തുന്നു. അതിന്റെ ഫലമായി ബന്ധങ്ങൾ വിഘടിക്കപ്പെടുന്നു. മനുഷ്യരും ദൈവവും തമ്മിലും, മനുഷ്യരും പ്രകൃതിയും തമ്മിലും, മനുഷ്യർക്ക് പരസ്പരവും ശത്രുത ഉണ്ടാകുന്നു. കുറ്റകൃത്യങ്ങളുടെ ഉത്തരവാദിത്തം ഏറ്റെടുത്ത് ക്ഷമ ചോദിക്കുന്നതിന് പകരം മറ്റാരെയെങ്കിലും കുറ്റ

പ്പെടുത്തുന്നതാണ് എക്കാലത്തും ലോകത്തിലുണ്ടായിട്ടുള്ള എല്ലാ ശത്രുതകൾക്കും മൂലകാരണം

കുറ്റം സമ്മതിച്ച് ക്ഷമ ചോദിക്കാതിരുന്നത് എത്ര ഗൌരവതരമായ ഒരു അബദ്ധമാണെന്ന് ആദംഹവ്വമാർ തിരിച്ചറിയുന്നില്ല. അവർ ചെയ്യാതെ പോയത് ഇന്ന് നാം ചെയ്യുന്നു. ദൈവമുമ്പാകെ വരുമ്പോഴെല്ലാം അറിഞ്ഞും അറിയാതെയും ചെയ്തുപോരുന്ന തെറ്റുകൾക്ക് നാം ദൈവത്തോട് ക്ഷമ ചോദിക്കുന്നു. കൂടാതെ നാം പരസ്പരം ക്ഷമ ചോദിക്കുകയും ക്ഷമിക്കുകയും ചെയ്യുന്നു. *ഞങ്ങളുടെ കടക്കാരോട് ഞങ്ങൾ ക്ഷമിക്കുന്നത് പോലെ ഞങ്ങളുടെ കടങ്ങൾ ഞങ്ങളോട് ക്ഷമിക്കണമേ* എന്ന് പ്രാർഥിക്കുവാൻ യേശുതമ്പുരാൻ പഠിപ്പിച്ചു.

താൻ ഒരു രോഗിയാണ് എന്നു സമ്മതിച്ച് എത്തുന്ന ആളെ ഒരു വൈദ്യൻ ചികിൽസിക്കുന്നു. പൂർണ ആരോഗ്യവാനാണ് എന്ന് അവകാശപ്പെടുന്ന ഒരാളെ വൈദ്യൻ എങ്ങനെ ചികിൽസിക്കാനാണ്? നാം ദൈവസന്നിധിയിലെത്തുന്നത് ശുദ്ധീകരിക്കപ്പെടുവാൻ വേണ്ടിയാണ്. നമ്മിൽ അശുദ്ധി ഉണ്ടെന്ന് സമ്മതിച്ചാൽ മാത്രമേ ദൈവത്തിന് നമ്മെ ശുദ്ധീകരിക്കാനാവൂ. ആ

സമ്മതമാണ് ക്ഷമിക്കണമേ എന്ന അപേക്ഷ.

*നമുക്ക് നന്നായി നിൽക്കാം* (സ്തൌമൻ കാലോസ്) എന്ന് ആരാധനയ്ക്ക് നേതൃത്വം നൽകുന്നവർ നിദേശിക്കുമ്പോഴും നാം കർത്താവേ കരുണ ചെയ്യണമേ (കുറിയേലായിസോൻ) എന്ന് പ്രാർഥിക്കുന്നു. ശരീരത്തിന്റെ നിൽപ്പിനെക്കാൾ മനസ്സിന്റെ നിൽപ്പാണ് ഇവിടെ ഉദ്ദേശിക്കുന്നത്. സ്വയം കുറ്റപ്പെടുത്തി മാപ്പിരന്നുകൊണ്ട് ചുങ്കക്കാരൻ നിന്നത് നല്ല നിൽപ്പാണ്. സ്വയം ന്യായീകരിച്ചുകൊണ്ട് പരീശൻ നിന്നത് നല്ല നിൽപ്പല്ല. ധൂർത്തപുത്രന്റേത് നല്ല നിൽപ്പാണ്, എന്നാൽ അവന്റെ ജേഷ്ഠന്റേത് നല്ല നിൽപ്പല്ല. ആദംഹവ്വമാരുടേതും നല്ല നിൽപ്പല്ല. നമുക്ക് നന്നായി നിൽക്കാം എന്ന് നിർദ്ദേശിക്കുമ്പോൾ ചുങ്കക്കാരനും ധൂർത്തപുത്രനും ഉണ്ടായിരുന്ന ഭാവത്തോടെ നിൽക്കണം എന്നാണ് ഉദ്ദേശിക്കുന്നത്.

## 2. ദൈവം പരിശുദ്ധൻ!

ധൂർത്തപുത്രന്റെ ജ്ഷേ്ഠൻ താൻ നല്ലവനാണെന്നും തന്റെ പിതാവും സഹോദരനും തെറ്റുകാരാണെന്നും അവകാശപ്പെടുന്നു. ആദംഹവ്വമാർ സ്വയം ന്യായീകരിക്കുകയും ദൈവത്തെ കുറ്റപ്പെടുത്തുകയും ചെയ്യുന്നു. ആദം ഹവ്വയെ കുറ്റപ്പെടുത്തുമ്പോൾ ഹവ്വയെ തനിക്ക് നൽകിയ ദൈവത്തെയും കുറ്റപ്പെടുത്തുന്നു. പരീശൻ സ്വയം ന്യായീകരിക്കുകയും ചുങ്കക്കാരനെ കുറ്റപ്പെടുത്തുകയും ചെയ്യുന്നു. ഇവരുടേത് നമുക്ക് അനുകരിക്കാവുന്ന മാതൃകകളല്ല. നാം ദൈവമുമ്പാകെ വരുമ്പോഴെല്ലാം സ്വയം കുറ്റപ്പെടുത്തുകയും ദൈവം നല്ലവനാണെന്ന് സമ്മതിക്കുകയും വേണം. ധൂർത്തപുത്രനും ചുങ്കക്കാരനുമാണ് ഇക്കാര്യത്തിൽ നമുക്ക് മാതൃക. നാം ദൈവസന്നിധിയിൽ വരുമ്പോഴെല്ലാം ദൈവം പരിശുദ്ധനാകുന്നു എന്ന് ആവർത്തിച്ച് ഏറ്റുപറയുന്നതിന്റെ കാരണം അതാണ്.

ദൈവം ഒരുവനല്ലാതെ നല്ലവൻ ആരുമില്ല എന്ന് യേശുതമ്പുരാൻ ഉറപ്പിച്ച് പറയുന്നു. (ലൂക്കോസ് 18:19) ദൈവം മാത്രമാണ് നീതിമാൻ

എന്ന് പൌലൊസ് അപ്പൊസ്തോലനും ഉറപ്പിച്ച് പറയുന്നു (റോമ 3). പരിശുദ്ധനായ ഏക പിതാവും പരിശുദ്ധനായ ഏകപുത്രനും പരിശുദ്ധനായ ഏകറൂഹായുമല്ലാതെ പരിശുദ്ധൻ ഇല്ല എന്ന് യാതൊരു സംശയത്തിനും ഇടം കൊടുക്കാതവണ്ണം നാം ആരാധനയിൽ ഏറ്റുപറയുന്നു.

ദൈവം പരിശുദ്ധനാകുന്നു എന്നതിന്റെ അർത്ഥം ദൈവത്തിന് യാതൊരു തെറ്റുകളും അബദ്ധങ്ങളും സംഭവിക്കുകയില്ല എന്നാകുന്നു. എന്തുകൊണ്ടാണ് ദൈവത്തിന് അബദ്ധങ്ങൾ സംഭവിക്കാത്തത്? ദൈവത്തിന് എല്ലാം അറിയാം എന്നതാണ് അതിനു കാരണം.

മനുഷ്യർക്കും മാലാഖമാർക്കും സർവജ്ഞത ഇല്ലാത്തതുകൊണ്ട് തെറ്റുകളും അബദ്ധങ്ങളും സംഭവിക്കാം. തെറ്റ് മനുഷ്യസഹജമാണ് എന്നൊരു പഴമൊഴിയുണ്ട്. മനുഷ്യർ പാപികളാകുന്നു എന്ന് പറയുന്നതിന്റെ അർത്ഥം ഇതാണ്. നമ്മുടെ അറിവ് പരിമിതമായതു കൊണ്ട് അനുദിന ജീവിതത്തിൽ എപ്പോഴും നമുക്ക് അബദ്ധങ്ങൾ സംഭവിക്കാം. ഇക്കാര്യം നമുക്ക് ബോധ്യമുണ്ടെങ്കിൽ നമ്മുടെ അബദ്ധങ്ങൾക്ക് നാം ക്ഷമ ചോദിക്കാൻ തയാറായിരിക്കും. മറ്റുള്ളവരുടെ

അബദ്ധങ്ങൾക്ക് അവരോട് ക്ഷമിക്കാനും നാം തയാറായിരിക്കും.

ഏദൻതോട്ടത്തിൽ വച്ച് ആദിമനുഷ്യർക്ക് ഒരു അബദ്ധം സംഭവിച്ചു. ഭക്ഷിച്ചുകൂടാത്ത കനി അവർ ഭക്ഷിച്ചു. അവർ മനുഷ്യരായിരുന്നതുകൊണ്ടാണ് അവർക്ക് അബദ്ധം സംഭവിച്ചത്. തെറ്റ് മനുഷ്യസഹജമായതു കൊണ്ടാണ് അവർക്ക് തെറ്റ് സംഭവിച്ചത്. ഒരു സർപ്പം അവരെ തെറ്റിദ്ധരിപ്പിച്ചു. വേണ്ടത്ര അറിവില്ലാതിരുന്നതു കൊണ്ടു അവർ സർപ്പത്തെ വിശ്വസിച്ച് അബദ്ധത്തിൽ ചാടി. ഒരബദ്ധവും സംഭവിക്കാത്തത് ദൈവത്തിന് മാത്രമാകുന്നു. ഇക്കാര്യം ദൈവത്തിനും അറിയാം.

ഇതിനേക്കാൾ വലിയ അബദ്ധമാണ് അതിനുശേഷം സംഭവിച്ചത്. അവർ സ്വയം ന്യായീകരിച്ചു, ദൈവത്തെ കുറ്റപ്പെടുത്തി. ദൈവം പരിശുദ്ധൻ എന്ന കാര്യം ആദംഹവ്വമാർ അറിഞ്ഞിരുന്നില്ല. അറിഞ്ഞിരുന്നെങ്കിൽ ദൈവത്തെ കുറ്റപ്പെടുത്താൻ അവർ മുതിരുമായിരുന്നില്ല. തെറ്റ് മനുഷ്യസഹജമാണ് എന്ന കാര്യവും അവർ അറിഞ്ഞിരുന്നില്ല. അറിഞ്ഞിരുന്നെങ്കിൽ അവർ സ്വയം ന്യായീകരിക്കുമായിരുന്നില്ല.

ദൈവം പരിശുദ്ധൻ എന്നും മനുഷ്യർ പാപികൾ എന്നും മനസിലാക്കുന്നവർ ദൈവ ത്തെ കുറ്റപ്പെടുത്തുകയില്ല, സ്വയം ന്യായീകരി ക്കുകയുമില്ല. പകരം ദൈവത്തെ ന്യായീകരിക്കു കയും സ്വയം കുറ്റപ്പെടുത്തുകയും ചെയ്യും. ദൈവം പരിശുദ്ധനാകുന്നു എന്ന് ഏറ്റുപറ ഞ്ഞാലുടൻ നാം ക്ഷമ യാചിക്കുന്നു.

ആദംഹവ്വമാർക്ക് വിലക്കിയിരുന്ന വൃക്ഷ ത്തിന്റെ പേര് നന്മതിന്മകളുടെ അറിവ് എന്നാ ണ്. നന്മതിന്മകളെക്കുറിച്ചുള്ള ആത്യന്തികമായ അറിവ് സർവജ്ഞനായ ദൈവത്തിന് മാത്രമുള്ള താണ്. മനുഷ്യൻ അതിൽ നിന്ന് ഭക്ഷിച്ചു എന്നാൽ അർഥം സർവജ്ഞത സ്വായത്തമാക്കി യെന്നല്ല, മറിച്ച് സർവജ്ഞത ഉണ്ടെന്ന് ഭാവിച്ചു എന്നു മാത്രമാണ്. സർവജ്ഞതയുണ്ടെങ്കിൽ പരി ശുദ്ധിയും ഉണ്ടാവണം. അങ്ങനെ ദൈവം പരി ശുദ്ധനാകുന്നു എന്ന് സമ്മതിക്കുന്നതിന് പകരം തങ്ങൾ പരിശുദ്ധരാകുന്നു എന്ന് ആദംഹവ്വമാർ അവകാശപ്പെട്ടു. അങ്ങനെ സ്വയം നീതീകരിച്ചതി ന്റെ ഫലമായി സ്വർഗീയജീവിതം അവർക്ക് നഷ്ടമായി.അവർ അനുഭവിച്ചിരുന്ന സ്വർഗ്ഗീയജീ വിതത്തിന്റെ പ്രതീകമാണ് ജീവവൃക്ഷം.

## 3. ലോകം ദൈവാലയം

എല്ലാവരും എല്ലാവരോടും ക്ഷമ ചോദിക്കുകയും ക്ഷമിക്കുകയും ചെയ്യുന്നയിടമാണ് സ്വർഗ്ഗം. അവിടെ ആരും ആരോടും നീരസം വച്ചുകൊണ്ടിരിക്കുകയില്ല. ദൈവം മാത്രമാണ് പരിശുദ്ധൻ എന്നും ദൈവമൊഴികെയുള്ള എല്ലാ ജീവികൾക്കും അബദ്ധങ്ങൾ സംഭവിക്കാം എന്നുമുള്ള ബോധ്യം അവിടെ എല്ലാവർക്കുമുണ്ട്. അതുകൊണ്ട് അവിടെ ബന്ധങ്ങൾ വിഘടിതമായിപ്പോകുന്നില്ല. ആ ബോധ്യം എല്ലാവർക്കുമുണ്ടായാൽ ഭൂമിയും സ്വർഗ്ഗമാകും. എല്ലാവരും പരസ്പരം ക്ഷമ ചോദിക്കുകയും ക്ഷമിക്കുകയും ചെയ്യും.

സ്വർഗ്ഗസമാനമായ ഏദൻതോട്ടത്തിലായിരുന്നു മനുഷ്യൻ. എന്നാൽ ദൈവം മാത്രം പരിശുദ്ധനാകുന്നു എന്നും അബദ്ധങ്ങൾ മനുഷ്യസഹജമാകുന്നു എന്നും ഉള്ള ബോധ്യങ്ങൾ ഇല്ലാഞ്ഞതിന്റെ ഫലമായി മനുഷ്യർ ക്ഷമിക്കുകയും ക്ഷമ ചോദിക്കുകയും ചെയ്യാതായി. അതിന്റെ ഫലമായി മനുഷ്യന് ഏദൻ ജീവിതം നഷ്ടപ്പെട്ടു.

നഷ്ടപ്പെട്ട ഏദൻതോട്ടം വീണ്ടെടുക്കാനുള്ള ശ്രമത്തിന്റെ ഭാഗമായാണ് മനുഷ്യർ ദേവാലയ

ങ്ങൾ നിർമ്മിച്ചത്. ഏദൻതോട്ടത്തെ അനുസ്മരി പ്പിക്കുന്ന പലതും യെരൂശലേം ദേവാലയത്തിലു ണ്ടായിരുന്നു. ഒരിക്കൽ ഒരു ദേവാലയത്തിൽ ധ്യാനനിരതനായി ഇരുന്ന ഏശായ പ്രവാചകന് ദൈവദർശനം ഉണ്ടായി. മാലാഖമാർ ദൈവസിം ഹാസനത്തിന്റെ ചുറ്റും പറക്കുന്നതും '*ആകാശ വും ഭൂമിയും തന്റെ മഹത്വം കൊണ്ട് നിറഞ്ഞി രിക്കുന്ന ബലവാനായ ദൈവം തമ്പുരാൻ പരി ശുദ്ധൻ പരിശുദ്ധൻ പരിശുദ്ധൻ*' എന്ന് ഉച്ച ത്തിൽ ആർക്കുന്നതും അദ്ദേഹം ദർശിച്ചു. ഭൂമി യിൽ അറിവില്ലാത്ത മനുഷ്യർ സ്വയം ന്യായീക രിച്ച് ദൈവത്തെ കുറ്റപ്പെടുത്തുമ്പോൾ സ്വർഗ്ഗ ത്തിൽ മാലാഖമാർ ദൈവത്തെ പരിശുദ്ധൻ എന്ന് വാഴ്ത്തിപ്പുകഴ്ത്തുന്നത് അദ്ദേഹത്തിന്റെ മനസിനെ ആഴത്തിൽ സ്പർശിച്ചു.

ആകാശവും ഭൂമിയും ദൈവത്തിന്റെ മഹ ത്വം കൊണ്ട് നിറഞ്ഞിരിക്കുന്നു എന്നാണ് മാലാ ഖമാർ ആർക്കുന്നത്. സ്വർഗ്ഗം ദൈവത്തിന്റെ സിംഹാസനവും ഭൂമി അവിടുത്തെ പാദപീഠ വും ആകുന്നു എന്ന് ഭക്തകവി പാടുന്നു. ലോക ത്തെത്തന്നെ ദേവാലയമായാണ് കവി സങ്കൽപ്പി ക്കുന്നത്. അങ്ങനെയെങ്കിൽ ദേവാലയങ്ങൾ എന്ന്

നാം വിളിക്കുന്ന കെട്ടിടങ്ങൾ ലോകം എന്ന മഹാദേവാലയത്തിന്റെ പ്രതീകങ്ങൾ ആവണം.

സൃഷ്ടിയിൽ ലോകം സ്വർഗ്ഗതുല്യമായിരുന്നു എന്ന് ഉൽപ്പത്തി ആദ്യഅദ്ധ്യായങ്ങളിൽ നാം വായിക്കുന്നുണ്ട്. ഭാവിയിൽ ലോകം സ്വർഗ്ഗതുല്യമാകും എന്ന് വെളിപ്പാട് പുസ്തകത്തിന്റെ അവസാനഅദ്ധ്യായങ്ങളിൽ നാം കാണുന്നു. എന്നാൽ ഇപ്പോൾ നമ്മുടെ ലോകത്തെ നാം നരകസമാനമാക്കിയിരിക്കുന്നു. നാം സ്വർഗ്ഗജീവിതം അഭ്യസിക്കുന്ന ഇടമാണ് ദേവാലയം. നാം അവിടെ ഒന്നിച്ചുകൂടി സ്വർഗ്ഗത്തിലെ മാലാഖമാരോടൊപ്പം ദൈവത്തെ പരിശുദ്ധൻ എന്ന് വാഴ്ത്തുന്നു. ധൂർത്തപുത്രൻ, ചുങ്കക്കാരൻ എന്നിവരെപ്പോലെ ക്ഷമയ്ക്കായി യാചിക്കുന്നു. പരസ്പരം ക്ഷമ ചോദിക്കുകയും ക്ഷമിക്കുകയും ചെയ്യുന്നു. നരകതുല്യമായ നമ്മുടെ ലോകത്തെ സൃഷ്ടിയുടെ ആരംഭത്തിലെന്നപോലെ സ്വർഗ്ഗസമാനമാക്കാനുള്ള നമ്മുടെ ശ്രമത്തിന്റെ ഭാഗമാണ് ദൈവാലയവും ആരാധനയും.

ക്ഷമ ചോദിക്കലും ക്ഷമിക്കലും ചേർന്നതാണ് ഹസ്തദാനം (കയ്യസൂരി). അറിവോടും അറിവുകൂടാതെയും ചെയ്തുപോയിട്ടുള്ള എല്ലാ

തെറ്റുകളും എന്നോടു ക്ഷമിക്കണമേ എന്ന യാചനയും, അങ്ങനെ നിങ്ങൾ എന്നോട് ചെയ്തു പോയ എല്ലാ തെറ്റുകളും ഞാൻ ക്ഷമിക്കുന്നു എന്ന സമ്മതവും അതിലുണ്ട്. അടുത്തു നിൽക്കുന്ന ഒന്നോ രണ്ടോ പേർക്ക് മാത്രമേ നാം ഹസ്തദാനം നൽകൂ എങ്കിലും അവർ ലോകത്തിലുള്ള എല്ലാവരേയും പ്രതിനിധാനം ചെയ്യുന്നു എന്ന് നാം മനസിലാക്കുന്നു.

ചുംബനം എന്ന് അർഥമുള്ള ദസ്തൂർ എന്ന പേർഷ്യൻ പദമാകാം കയ്യസൂരിയെന്ന പ്രയോഗത്തിന്റെ മൂലം. കൈദസ്തൂർ ലോപിച്ച് കയ്യസൂരി ആയതാകാം. അടുത്തു നിൽക്കുന്നയാളെ നേരിട്ട് ചുണ്ടുകൾ കൊണ്ടു ചുംബിക്കുന്നതിന് പകരം ചുംബനം അങ്ങോട്ടു മിങ്ങോട്ടും കൈകളാൽ കൈമാറുന്നതാണ് ഇത്. ഒരാൾ സ്വന്തം കൈകളിൽ ചുംബിച്ച് ആ ചുംബനത്തെ കൈകളിലാക്കുന്നു. എന്നിട്ട് അടുത്തു നിൽക്കുന്ന ആളിന്റെ കൈകളിലേക്ക് ആ ചുംബനം നൽകുന്നു. അതുപോലെ ഒരാൾ ഇങ്ങോട്ട് കൈകളിൽ തരുന്ന ചുംബനം സ്വന്തം ചുണ്ടോടടുപ്പിക്കുമ്പോഴാണ് ആ പ്രക്രിയ പൂർണമാകുന്നത്. ഇത് ഇന്നത്തെ flying kiss -നോട് സമാനമാണ്.

## 4. ദൈവത്തിന് മഹത്വം

ദൈവത്തെ വിവിധ ഭാഷകളിൽ നാം മഹത്വപ്പെടുത്താറുണ്ട്. എബ്രായ ഭാഷയിൽ ഹല്ലേലൂയ്യാ. ഇംഗ്ലീഷിൽ Glory to God. സുറിയാനിയിൽ *ശുബ്ഹോ* ലൊക് ആലോഹൊ. പിൽക്കാലത്ത് ഇത് *പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി* എന്ന് വിപുലീകരിച്ചു.

പിതാവിന് പുത്രൻ മൂലം പരിശുദ്ധാത്മാവിനാൽ സ്തുതി എന്നാണ് പറയേണ്ടത് എന്ന് ക്രിസ്താബ്ദം നാലാം നൂറ്റാണ്ടിൽ അറിയൂസും കൂട്ടരും വാദിച്ചപ്പോൾ പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി എന്നതാണ് ശരിയായ (orthos) സ്തുതി (doxo) എന്ന് സഭാപിതാക്കന്മാർ വാദിച്ചു.

ദൈവത്തെ പുകഴ്ത്തുന്നതിനായി ധാരാളം വിശേഷണങ്ങൾ വേദപുസ്തകത്തിലും ആരാധനാക്രമങ്ങളിലും ഉപയോഗിച്ചിട്ടുണ്ട്. അതിൽ പ്രധാനം പരിശുദ്ധൻ എന്നതാകുന്നു. ഒരബദ്ധവും സംഭവിക്കാത്ത ആളാണ് ദൈവം എന്നാണ് അതുകൊണ്ട് ഉദ്ദേശിക്കുന്നത്. മറ്റൊരു വിശേഷണം ബലവാൻ (almighty) എന്നതാണ്. ദൈവം

എല്ലാ കഴിവുകളും ഉള്ള ആൾ ആകുന്നു എന്നാണ് അതുകൊണ്ട് ഉദ്ദേശിക്കുന്നത്. മരണ മില്ലാത്തവൻ (immortal) എന്നതാണ് മറ്റൊന്ന്. ദൈവം ജീവന്റെ ഉറവിടമാകയാലും സമയം ദൈവത്തിനുള്ളിൽ സ്ഥിതി ചെയ്യുന്നതിനാലും ദൈവത്തിന് ജനനമോ മരണമോ ഇല്ല. സർവ ജ്ഞൻ എന്നത് വളരെ പ്രധാനപ്പെട്ട ഒരു വിശേ ഷണമാകുന്നു. എല്ലാം അറിയുന്നവനായതുകൊ ണ്ടാണ് ദൈവം പരിശുദ്ധനും സർവശക്തനും ആയിരിക്കുന്നത്.

ദൈവം ഇങ്ങനെയൊക്കെ ആണെന്ന് നാം ഏറ്റുപറയുമ്പോൾ മനുഷ്യൻ അങ്ങനെയൊന്നു മല്ല എന്നും നാം സമ്മതിക്കുന്നുണ്ട്. ഉദാഹര ണത്തിന് ദൈവം സർവശക്തനാകുന്നു എന്ന് ഏറ്റു പറയുമ്പോൾ അതിന്റെ വ്യംഗ്യാർഥം എല്ലാ കഴിവുകളും തികഞ്ഞവരായി മനുഷ്യരി ലോ മാലാഖമാരിലൊ ആരും ഇല്ല എന്നാണ്. അങ്ങനെ വരുമ്പോൾ എല്ലാവർക്കും എന്തെങ്കി ലും കഴിവുകേടുകൾ ഉണ്ടെന്ന് വരുന്നു. നമ്മുടെ കഴിവുകളും കഴിവുകേടുകളും തിരിച്ചറിയുക യും പരസ്പരം സഹായിച്ചും സഹകരിച്ചും ജീവിക്കുകയുമാണ് ആവശ്യം. ദൈവം അമർ

ത്യൻ ആകുന്നു എന്നതിന്റെ വ്യംഗ്യാർഥം മനുഷ്യൻ മർത്യനാകുന്നു എന്നാണ്. നമ്മെ ജീവിപ്പിക്കുന്ന ജീവൻ നമ്മുടെ സ്വന്തമല്ലെന്നും ദൈവത്തിൽ നിന്നു സദാ പുറപ്പെടുന്നതാകുന്നു എന്നുമുള്ള തിരിച്ചറിവ് മരണഭയത്തിൽ നിന്ന് നമ്മെ രക്ഷിക്കുവാൻ ശക്തമാണ്.

ദൈവത്തിന്റെ മഹത്വം കാണുന്നവർക്ക് മാത്രമേ ദൈവത്തെ മഹത്വപ്പെടുത്താൻ കഴിയൂ. ധൂർത്തപുത്രൻ തന്റെ പിതാവിന്റെ മഹത്വം ദർശിച്ചപ്പോൾ പിതാവിനെ ലക്ഷമാക്കി ഓടിയ പോലെ ദൈവത്തിന്റെ മഹത്വം ഉൾക്കണ്ണാൽ ദർശിച്ചു കഴിയുമ്പോൾ ദൈവത്തിങ്കലേക്ക് തിരിയാതിരിക്കാൻ ആരാലും സാധ്യമല്ല.

ഹല്ലേലുയ്യ എന്ന് പറയുന്നതിൽ ഇതെല്ലാം ഉൾപ്പെടുന്നു എന്ന് സാധാരണ നാം ഓർക്കാറില്ല. എന്നാൽ ഇടയ്ക്കെങ്കിലും അതൊന്ന് ഓർക്കുന്നത് നമ്മുടെ ആരാധനയെ അർഥമുള്ളതാക്കും. നമ്മുടെ ജീവിതവും അർഥമുള്ളതാകും.

# 5. നമ്മെത്തന്നെ ബലിയർപ്പിക്കാം

ആരാധനയുടെ മകുടമായി നാം കാണുന്നത് വിശുദ്ധ ബലിയെയാണ്. ഗ്രീക്കിൽ യൂക്കറിസ്റ്റ്, സുറിയാനിയിൽ കുർബാന, ലാറ്റിനിൽ മാസ്, ഇംഗ്ലീഷിൽ Holy Communion എന്നെല്ലാം അറിയപ്പെടുന്നു. തിരുവത്താഴമെന്നും പേരുണ്ട്.

നമുക്ക് ദൈവത്തിന് അർപ്പിക്കാവുന്ന ഏറ്റവും വിലയേറിയ കാഴ്ച നമ്മെത്തന്നെയാണ്-- ആത്മബലി. ഇത് മനസിലാക്കിയിട്ടാണ് പൌരാണിക കാലത്ത് ആളുകൾ മൃഗങ്ങളെ യാഗം അർപ്പിച്ചിരുന്നത്. ബലിമൃഗം ബലിയർപ്പിക്കുന്നയാളെ പ്രതിനിധാനം ചെയ്യുന്നു. ബലിമൃഗത്തെ പൂർണമായും കത്തിച്ചു ചാരമാക്കുന്നതിന് പകരം അതിന്റെ വെന്ത ഇറച്ചി ഭക്ഷിക്കുന്ന പതിവും ഉണ്ടായിരുന്നു. അതിന്റെ രക്തം കുടിക്കുകയും ചെയ്തിരുന്നിരിക്കണം. ഒരു ബലിമൃഗത്തിന്റെ രക്തം കുടിക്കുകയും മാസം ഭക്ഷിക്കുകയും ചെയ്യുക എന്നാൽ അതിനോട് ഏകീഭവിക്കുക എന്നാണർത്ഥം.

യേശുതമ്പുരാന്റെ ക്രൂശുമരണം ഒരു ബലിയർപ്പണം ആയിരുന്നു എന്ന് നാം മനസിലാക്കു

ന്നു. എന്നാൽ അത് ആക്ഷരിക അർഥത്തിലുള്ള ഒരു ബലി ആയിരുന്നില്ല. ബലിപീഠമോ ബലി വസ്തുക്കളോ അവിടെയില്ലായിരുന്നു. അത് ആലങ്കാരിക അർഥത്തിലുള്ള ഒരു ബലിയർപ്പണ മായിരുന്നു. യേശുതമ്പുരാൻ പുരോഹിതനും ബലിമൃഗവുമായി സ്വയം കാഴ്ചയായി അർപ്പി ക്കുന്നു. യേശുതമ്പുരാനോട് ചേർന്ന് ക്രിസ്തുശരീ രമായി ക്രൈസ്തവസഭയും ഈ ബലിയിൽ പങ്കാളിയാകുന്നു. ക്രിസ്തുവിനോടു ചേർന്ന് സഭ പുരോഹിതനും ബലിമൃഗവുമായി സ്വയം ദൈവസന്നിധിയിൽ കാഴ്ചയായി അർപ്പിക്കുന്നു. ഇതിന്റെ ദൃശ്യാവിഷ്കാരമാണ് വിശുദ്ധ ബലി.

ധൂർത്തപുത്രൻ തന്റെ പിതാവിന്റെ അടുക്ക ലെത്തി തന്നെത്തന്നെ ഒരു അടിമയായി ആ പാദത്തിങ്കൽ സമർപ്പിച്ചത് ബലിയർപ്പണമായി രുന്നു. തന്റെ പിതാവിന്റെ ഒരടിമ ആയിരിക്കു ന്നത് ഒരു മഹാഭാഗ്യമാണ് എന്ന് ബോധ്യപ്പെട്ട തിന്റെ അടിസ്ഥാനത്തിലാണ് അവൻ അപ്രകാരം ചെയ്യുന്നത്. അതുപോലെ ദൈവത്തിന്റെ മഹത്വം ദർശിക്കുന്നവർ സന്തോഷത്തോടെ ദൈവത്തിന്റെ പാദത്തിങ്കൽ സ്വയം അടിയറ വയ്ക്കുന്നതിന്റെ ദൃശ്യകലാവിഷ്കാരമാണ് വിശുദ്ധ ബലി.

*നിങ്ങൾ സന്തോഷിച്ചു സംതൃപ്തരായി സമാധാനത്തോടെ പോകുവിൻ* എന്ന് വിശുദ്ധ ബലിയുടെ ഒടുവിൽ വൈദികൻ ആശംസിക്കുന്നത് ഒരു വെറും യാത്രപറച്ചിലല്ല. ഇവിടെ നിങ്ങൾ പ്രാപിച്ച സ്വർഗാനുഭവവുമായി ലോകത്തിലേക്കു പോകുവിൻ എന്നാണ് അതിന്റെയർഥം. ദൈവാലയത്തിൽ നിന്ന് ലോകത്തിലേക്കു നാം പോകുന്നത് ഒരു ദൌത്യം ഏറ്റെടുത്തുകൊണ്ടാണ്. പോകുന്ന ഇടങ്ങളിലെല്ലാം സ്വർഗാനുഭവം പരത്തുക എന്നതാണ് ആ ദൌത്യം.

ദൈവാലയത്തിൽ സ്വർഗ്ഗം രുചിച്ചറിഞ്ഞ ശേഷം ഹൃദയത്തിൽ സ്വർഗ്ഗം വഹിച്ചു കൊണ്ട്, പോകുന്ന ഇടങ്ങളെല്ലാം സ്വർഗ്ഗമാക്കി രൂപാന്തരപ്പെടുത്തുക എന്ന ദൌത്യവുമായി ദൈവാലയം വിട്ടു നാം പുറത്തേക്കിറങ്ങുന്നു. നമ്മുടെ സംസാരം കേൾക്കുന്നവരും പ്രവൃത്തികൾ കാണുന്നവരും അറിയാതെ ഇങ്ങനെ ചോദിക്കണം: '*നിങ്ങൾ സംസാരിക്കുന്നത് ഒരു മാലാഖയെപ്പോലെയാണ്. ഒരു മാലാഖ ചെയ്യുന്ന നന്മ പ്രവൃത്തികളാണ് നിങ്ങൾ ചെയ്യുന്നത്. നിങ്ങൾ ഒരു മാലാഖയാണോ?*' ഇങ്ങനെയാണ് സ്വർഗ്ഗരാജ്യത്തിന്റെ സദ്വാർത്ത നാം പ്രഘോഷിക്കുന്നത്.

# 6. ഇടവിടാതെ പ്രാർഥിപ്പിൻ

നമ്മുടെ ഹൃദയം ദൈവഹൃദയത്തോട് ചേർന്നിരിക്കുന്നതാണ് പ്രാർഥന. ഹൃദയൈക്യത്തിലാണ് പ്രാർഥനയുടെ ശക്തിയും ഗുണവും മേന്മയും. നമ്മുടെ ചുണ്ടിൽ നിന്നുയരുന്ന ശബ്ദങ്ങളും വാക്കുകളും ഹൃദയത്തിന്റെ പ്രകടനങ്ങളാകുമ്പോഴാണ് അവയ്ക്കു അർഥമുണ്ടാകുന്നത്. ഹൃദയത്തിൽ നിന്ന് ഉദ്ഭവിക്കാതെ ചുണ്ടിൽ നിന്ന് മാത്രം വരുന്ന ശബ്ദങ്ങൾ പ്രാർഥനയല്ല; ഹൃദയത്തിൽ നിന്നല്ലാത്ത പ്രാർഥനയ്ക്ക് ജീവനില്ല. ഹൃദയത്തിൽ നിന്നുയരുന്ന പ്രാർഥന മാത്രമേ ദൈവസന്നിധിയിൽ എത്തുകയുള്ളൂ.

ഹൃദയപൂർവം സ്നേഹിക്കുന്ന ഒരാളുടെ സാമീപ്യം നാം വളരെ ഇഷ്ടപ്പെടുന്നതുപോലെ, ദൈവത്തോടുള്ള ഹൃദയപൂർവമായ സ്നേഹമാണ് ദൈവസാമീപ്യം നമുക്ക് ആനന്ദമേകുന്നത്. *അങ്ങയുടെ ആലയത്തിൽ ഒരു ദിവസം പാർക്കുന്നത് വേറെ ഒരായിരം ദിവസത്തെക്കാൾ നല്ലതാകുന്നു* എന്നു ഭക്തകവി പാടുന്നത് ഈ അർഥത്തിലാണ് നാം മനസിലാക്കുന്നത് (സങ്കീ.84: 10). തന്റെ പിതാവിനോട് സ്നേഹവും ബഹു

മാനവും ഉണ്ടായപ്പോൾ പിതാവിന്റെ സാമീപ്യത്തിൽ ഒരു ദാസനായിട്ടെങ്കിലും കഴിയുവാൻ ധൂർത്തപുത്രൻ താൽപര്യപ്പെടുന്നു. ദൈവത്തോടുകൂടെ നടന്ന ഒരാളെപ്പറ്റിയും ദൈവത്തിന്റെ സ്നേഹിതൻ എന്ന് വിളിക്കപ്പെട്ട ഒരാളെപ്പറ്റിയും വേദപുസ്തകത്തിന്റെ താളുകളിൽ നാം വായിക്കുന്നു. ദൈവത്തിന്റെ കൂടാരത്തിൽ പാർക്കുന്നതിനെക്കുറിച്ചും ദൈവാലയത്തിന്റെ വാതിൽ കാവൽക്കാരനെങ്കിലും ആകാൻ കഴിയുന്ന മഹാഭാഗ്യത്തെക്കുറിച്ചും ഭക്തകവികൾ സ്വപ്നം കണ്ടു.

ദൈവഹൃദയത്തോട് ചേർന്ന് ജീവിക്കുന്നതാണ് ആരാധനാജീവിതം. ശബ്ദങ്ങൾക്കോ വാക്കുകൾക്കോ അവിടെ വലിയ പ്രസക്തിയില്ല. ശബ്ദങ്ങൾക്കും വാക്കുകൾക്കും പ്രസക്തിയുണ്ടാകുന്നത് അവ ദൈവഹൃദയത്തോട് ചേർന്നുള്ള ജീവിതത്തിന് പ്രേരകമാകുമ്പോഴാണ്, അതിന്റെ പ്രകടനമാകുമ്പോഴാണ്. അപ്പാ ഞാൻ അങ്ങയോട് പാപം ചെയ്തു എന്ന ധൂർത്തപുത്രന്റെ വാക്കുകൾ പശ്ചാത്താപഭാരത്താൽ നീറിയ ഹൃദയത്തിന്റെ പ്രകടനമായിരുന്നു. സ്വർഗത്തേക്ക് നോക്കുവാൻ പോലും കഴിയാതെ മാറത്ത

ടിച്ച് നിലവിളിച്ച ചുങ്കക്കാരന്റെ പ്രാർഥനയും അവന്റെ ഹൃദയത്തിന്റെ പ്രകടനമായിരുന്നു.

ഹൃദയത്തിൽ നിന്നുയരാതെ ചുണ്ടിൽ നിന്നു മാത്രം പുറപ്പെടുന്ന ശബ്ദങ്ങൾ പ്രാർഥന യല്ല, ആരാധനയല്ല. അത് ദൈവത്തെ വഞ്ചിക്ക ലാണ്, മറ്റുള്ളവരെ വഞ്ചിക്കലാണ്, സ്വയം വഞ്ചിക്കലുമാണ്. സത്യസന്ധമായ ആരാധന ഹൃദയത്തിൽ നിന്നുയരുന്നതാണ്. സത്യസന്ധമായ ആരാധനയെ അടിസ്ഥാനമാക്കിയാണ് സത്യസന്ധ മായ ജീവിതമുണ്ടാകുന്നത്.

യേശുതമ്പുരാന്റെ കാലത്ത് പ്രാർഥന എന്ന പേരിൽ മിക്കവരും ചെയ്തിരുന്നത് വെറും ജൽപനമായിരുന്നു എന്ന് അവിടുന്ന് തിരിച്ചറി ഞ്ഞു. അതുകൊണ്ടാണ് ജൽപനം ചെയ്യരുത് എന്ന് തന്റെ ശിഷ്യരെ അവിടുന്ന് പഠിപ്പിച്ചത്. ഹൃദയത്തിൽ നിന്നല്ലാതെ ചുണ്ടുകളിൽ നിന്ന് മാത്രം ഉയരുന്ന പ്രാർഥനകളാണ് ജൽപനങ്ങൾ.

ഇടവിടാതെ പ്രാർഥിപ്പിൻ എന്ന് പൌലൊ സ് അപ്പൊസ്തോലൻ ഉപദേശിക്കുമ്പോൾ അദ്ദേ ഹം ഉദ്ദേശിക്കുന്നത് എപ്പോഴും നമ്മുടെ ചുണ്ടു കൾ ചലിച്ചു കൊണ്ടിരിക്കണമെന്നല്ല. എപ്പോ ഴും നമ്മുടെ വായിൽ നിന്ന് വാക്കുകൾ വന്നു

കൊണ്ടിരിക്കണമെന്നുമല്ല. എപ്പോഴും നമ്മുടെ ഹൃദയം ദൈവഹൃദയത്തോട് ചേർന്നിരിക്കണം എന്നാവണം അദ്ദേഹം ഉദ്ദേശിച്ചത്. ചേർന്നിരിക്കുന്ന ഹൃദയങ്ങൾ തമ്മിൽ എപ്പോഴും ആശയവിനിമയം നടക്കുന്നുണ്ട്. ശബ്ദങ്ങൾ കൊണ്ടുള്ള ആശയവിനിമയം അതിന്റെ ഒരു ചെറിയ ഭാഗം മാത്രമാണ്.

പ്രഭാതത്തിൽ കിടക്കവിട്ട് എഴുന്നേൽക്കുന്നത് ദൈവത്തോട് കൂടെയാവണം. പകൽ നേരത്തെ ജീവിതം ദൈവത്തോട് കൂടെയുള്ള നടപ്പാവണം. രാത്രിയിലെ ഉറക്കം ദൈവത്തിന്റെ കരങ്ങളിൽ അവിടുത്തെ ഹൃദയത്തോട് ചേർന്നാവണം. അതാണ് ഇടവിടാതെയുള്ള പ്രാർഥന. അതാണ് അർഥവത്തായ ആരാധനാജീവിതം.

# ഉപസംഹാരം

തെറ്റുകൾ മനുഷ്യസഹജമാണ്. ആർക്കും എപ്പോഴും അബദ്ധങ്ങൾ സംഭവിക്കാം. ഈ സത്യം ബോധ്യപ്പെട്ടു കഴിഞ്ഞാൽ നാം സ്വയം ന്യായീകരിക്കുകയില്ല, മറ്റുള്ളവരുടെ മേൽ കുറ്റം ചുമത്തുകയുമില്ല. നമ്മുടെ ജീവിതത്തെ സ്വർഗ്ഗസമാനമാക്കുവാൻ ഈ സത്യത്തിന് കഴിയും. നമ്മുടെ ഉപബോധമനസിനെ ഈ സത്യം ബോധ്യപ്പെടുത്തുന്നതിനും സ്വർഗ്ഗജീവിതം പരിശീലിക്കുന്നതിനുമാണ് നാം പതിവായി ദൈവാലയത്തിലെത്തുന്നത്. അവിടെ നാം ദൈവം മാത്രം പരിശുദ്ധൻ എന്ന് ഏറ്റുപറയുക യും അറിഞ്ഞും അറിയാതെയും ചെയ്തുപോരുന്ന തെറ്റുകുറ്റങ്ങൾക്ക് ക്ഷമ യാചിക്കുകയും ചെയ്യുന്നു. മാത്രമല്ല പരസ്പരം ഹസ്തദാനം നൽകി ക്ഷമിക്കുകയും ക്ഷമ യാചിക്കുകയും ചെയ്യുന്നു. ദൈവാലയത്തിന്റെ പടികൾ ഇറ ങ്ങുന്നത് ഒരു മഹാദൌത്യം ഏറ്റെടുത്തുകൊണ്ടാ ണ്. പോകുന്ന ഇടങ്ങളെല്ലാം സ്വർഗ്ഗസമാനമായി രൂപാന്തരപ്പെടുത്തുക എന്നതാണ് ആ ദൌത്യം. നാം മാലാഖമാരോ എന്ന് മറ്റുള്ളവർക്ക് സംശയം തോന്നത്തക്ക വിധം വേണം നമ്മുടെ

വാക്കുകളും പ്രവൃത്തികളും. കപടത നമ്മുടെ ജീവിതത്തിൽ ലവലേശം ഉണ്ടായിക്കൂടാ. നമ്മുടെ വാക്കുകളും പ്രവൃത്തികളും ആത്മാർഥമാകട്ടെ. നമ്മുടെ പ്രാർഥന ഹൃദയത്തിന്റെ ആഴത്തിൽ നിന്ന് ഉയരട്ടെ!

# നമുക്ക് പ്രാർഥിക്കാം

(ഒരു കൌമായുടെ ഒരു സ്വതന്ത്ര പരാവർത്തനം. കൌമായുടെ അർത്ഥമെന്തെന്ന് ചിന്തിക്കുവാനുള്ള ഒരു സഹായം എന്ന നിലയിലല്ലാതെ അതിനു പകരം ഉപയോഗിക്കുവാനുള്ളതല്ല)

*ദൈവമേ അങ്ങ് പരിശുദ്ധൻ!*
*സർവശക്താ അങ്ങ് പരിശുദ്ധൻ!*
*മൃതിരഹിതാ അങ്ങ് പരിശുദ്ധൻ!*
*ഞങ്ങളാൽ ക്രൂശിക്കപ്പെടുന്ന നാഥാ*
*ഞങ്ങളോട് ക്ഷമിക്കണമേ*

*കർത്താവേ ഞങ്ങളോട് ക്ഷമിക്കണമേ!*
*കൃപയുണ്ടായി ഞങ്ങളോട് ക്ഷമിക്കണമേ!*
*ഞങ്ങളുടെ യാചന സ്വീകരിച്ച്*
*ഞങ്ങളോട് ക്ഷമിക്കണമേ!*

*ദൈവമേ അങ്ങേയ്ക്ക് മഹത്വം!*

*സ്രഷ്ടാവേ അങ്ങേയ്ക്ക് മഹത്വം!*

*പാപികളാകുന്ന അടിയാരോട് ക്ഷമിക്കുന്ന മശിഹാതമ്പുരാനേ അങ്ങേയ്ക്ക് മഹത്വം!*

***ഞങ്ങളുടെ സ്വർഗ്ഗസ്ഥ പിതാവേ,***

*അങ്ങ് മാത്രം പരിശുദ്ധൻ എന്ന് എവിടെയും അംഗീകരിക്കപ്പെടണമേ! അങ്ങയുടെ ഭരണം ലോകത്തിൽ സംസ്ഥാപിതമാകണമേ!*

*അങ്ങയുടെ ഇഷ്ടം സ്വർഗ്ഗത്തിൽ നടക്കുമ്പോലെ ഭൂമിയിലും നടക്കേണമേ. അങ്ങയുടെ ഇഷ്ടം ചെയ്യുക എന്ന ആഹാരം ദിനവും ഭക്ഷിക്കുവാൻ ഭാഗ്യമേക!*

*മറ്റുള്ളവരുടെ തെറ്റുകുറ്റങ്ങൾ ഞങ്ങൾ ക്ഷമിക്കുമ്പോലെ ഞങ്ങളുടെ തെറ്റുകുറ്റങ്ങൾ ഞങ്ങളോട് ക്ഷമിച്ചാലും!*

*അന്ത്യന്യായവിധിയിൽ നിന്ന് ഞങ്ങളെ ഒഴിവാക്കിയാലും! ദുഷ്ടന്റെ ദുർഭരണത്തിൽ നിന്നും ഞങ്ങളെ രക്ഷിച്ചാലും!*

*അവിടുന്ന് ലോകമഹാരാജാവാകുന്നു! സർവശക്തനാകുന്നു! മഹത്വവാനുമാകുന്നു!*